സ്കൂളുകളിൽ മലയാള പഠനം നിർബന്ധിതമാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ

സംസ്ഥാനത്തെ സ്കൂളുകളിലെ മലയാളപഠനം സംബന്ധിച്ച് പഠനം നടത്താനും മലയാളം നിർബന്ധിത വിഷയമാക്കുന്നതിനെക്കുറിച്ച് ആലോചിക്കാനും പ്രൊഫ. ആർ.വി.ജി. മേനോൻ അധ്യക്ഷനായി ഒരു സമിതിയെ സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി നിയോഗിച്ചു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കേരള സർക്കാർ പരിഗണിക്കുകയും തത്ത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ എസ്.സി.ഇ.ആർ.ടി യെ ചുമതലപ്പെടുത്തി. അതനുസരിച്ച് താഴെപ്പറയുന്നവർ ഉൾപ്പെടുന്ന വിദഗ്ധസമിതി രൂപീകരിച്ചു.

1.	പ്രൊഫ. ഒ.എൻ.വി കുറുപ്പ്	
2.	പ്രൊഫ. കെ.പി. ശങ്കരൻ	അഡ്വൈസർ, പാഠപുസ്തകസമിതി
3.	ഡോ. ഡി. ബഞ്ചമിൻ	ചെയർമാൻ, പാഠപുസ്തകസമിതി
4.	ഡോ. സി.ആർ. പ്രസാദ്	മലയാളവിഭാഗം, കേരളസർവകലാശാല
5.	ഡോ. പി. പവിത്രൻ	മലയാളവിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല
6.	ശ്രീ. അക്ബർ കക്കട്ടിൽ	മെമ്പർ, മലയാളം അഡ്വൈസറി ബോർഡ്; കേന്ദ്രസാഹിത്യ അക്കാദമി, മെമ്പർ, പാഠപുസ്തകസമിതി
7.	ഡോ. പി. സത്യനേശൻ	മുൻ കരിക്കുലം തലവൻ എസ്.സി.ഇ.ആർ.ടി.
8.	ശ്രീ. ഷാജഹാൻ	ജനറൽ സെക്രട്ടറി, കെ.എസ്.ടി.എ
9.	ശ്രീ. ജെ. ശശി	പ്രസിഡന്റ്, ജി.എസ്.ടി.യു
10.	ശ്രീ. കെ.പി. സന്തോഷ്	ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്, തമ്പാനൂർ
11.	ശ്രീ. വി.വി. വേണു	എച്ച്.എസ്.എ, ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസ്, മണക്കാട്

2011 ഫെബ്രുവരി 25, 26 തീയതികളിൽ എസ്.സി.ഇ.ആർ.ടി യിൽ കമ്മിറ്റി യോഗം ചേർന്നു. കമ്മിറ്റിയുടെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ശിശുവിന് സമ്പന്നമായ ഭാഷാനുഭവങ്ങൾ ലഭിക്കുന്നത് സമീപസ്ഥ ചുറ്റുപാടുകളിൽ നിന്നാണ്. ശിശുവികാസത്തെ ഇത് നിർണായകമായി സ്വാധീനിക്കുന്നു. സമീപസ്ഥ ചുറ്റുപാടുകളിൽ നിന്ന് ശിശു ആർജിക്കുന്ന ഭാഷയെ സാങ്കേതികമായി ഒന്നാം ഭാഷ എന്നും മാതൃഭാഷ എന്നും പറയുന്നു. ശിശുവിന്റെ ബുദ്ധിപരവും വൈകാരികവുമായ വികാസത്തിന് മാധ്യമമായിത്തീരുന്നത് ഈ ഭാഷയാണ്. അതിനാൽ പഠനമാധ്യമം മാതൃഭാഷയായ ഒന്നാം ഭാഷതന്നെയായിരിക്കണം. വളർച്ചയുടെ ഘട്ടത്തിൽ സൗന്ദര്യാത്മകവും വൈകാരികവു

മായ തലങ്ങളെ സ്പർശിക്കുന്നത് മാതൃഭാഷയും അതിന്റെ സാഹിത്യവുമാണ്. വിശാലാർഥത്തിൽ മാതൃഭാഷാപഠനം സൗന്ദര്യാത്മക വിദ്യാഭ്യാസമാണ്. ഇത് എല്ലാ ഘട്ടങ്ങളിലും തുടർന്നുകൊണ്ടുപോകേണ്ടതുണ്ട്.

ചുറ്റുപാടുമായി ഇടപഴകിക്കൊണ്ടുള്ള അറിവുനിർമാണമാണ് ബൗദ്ധികവികാസത്തിന് വഴി തെളിക്കുന്നത്. ജ്ഞാനാർജ്ജനത്തെ സംബന്ധിച്ച സിദ്ധാന്തങ്ങൾ ഇത് സാധൂകരിക്കുന്നു. വിദ്യാഭ്യാസമനശ്ശാസ്ത്രവും ദർശനങ്ങളും ഇതിന് അടിവരയിട്ടിട്ടുണ്ട്. നാഡീമനശ്ശാസ്ത്ര സിദ്ധാന്തപ്രകാരം ന്യൂറോണുകളുടെ സ്വാഭാവികമായ കണ്ണിചേരൽ മാതൃഭാഷയിലൂടെ പഠിക്കുമ്പോഴാണ് ശക്തിപ്പെടുന്നത്. വിജ്ഞാന വിസ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ആഴത്തിലുള്ള അറിവുനിർമാണം സാധ്യമാക്കുന്നതിന് മാതൃഭാഷാമാധ്യമത്തിലുള്ള പഠനം അനിവാര്യമാണ്.

ഭാഷാടിസ്ഥാനത്തിലാണ് കേരളസംസ്ഥാനം രൂപീകൃതമായിട്ടുള്ളത്. കേരളത്തിൽ വസിക്കുന്നവരെ സാമൂഹികമായും സാംസ്കാരികമായും കൂട്ടിയിണക്കുന്നതിൽ മലയാളം പ്രധാന പങ്കു വഹിക്കുന്നു. കേരളത്തിന്റെ പ്രകൃതിപോലെതന്നെ മലയാള ഭാഷയും ഇവിടെ നിവസിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും അവകാശപ്പെട്ടതാണ്. ഈ പശ്ചാത്തലത്തിൽ വേണം കേരളത്തിലെ വിദ്യാഭ്യാസപ്രക്രിയയിൽ മലയാളഭാഷയുടെ സ്ഥാനം നിർണയിക്കേണ്ടത്.

ദേശീയോദ്ഗ്രഥന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസം നിർവഹിക്കുന്ന എല്ലാ കുട്ടികളും മലയാളഭാഷ നിർബന്ധമായും പഠിക്കേണ്ടതുണ്ട്. കേരളത്തിന്റെ സാമൂഹികജീവിതവുമായി ഇണങ്ങിച്ചേരുന്നതിനും ഭരണസംവിധാനങ്ങളുമായി ഇടപെടുന്നതിനുള്ള ശേഷി ആർജിക്കുന്നതിനും സാംസ്കാരിക പൈതൃകത്തിൽ അഭിമാനം കൊള്ളുന്നതിനും ഈ ഭാഷാപഠനം സഹായകമാവണം. എന്നാൽ ശിശുമനശ്ശാസ്ത്രം അനുസരിച്ച് പഠനമാധ്യമം മാതൃഭാഷയാകേണ്ടതുണ്ട്. അതിനാൽ തമിഴും കന്നഡയും മാതൃഭാഷയായിട്ടുള്ള കുട്ടികൾക്ക് അവരുടെ മാതൃഭാഷയിൽ പഠനം നടത്താനുള്ള അവസരം തുടരണം. ഒപ്പം കേരളത്തിന്റെ ഭാഷ എന്ന നിലയിൽ അവർ മലയാളം പഠിക്കുകയും വേണം.

പ്രായോഗിക നിർദേശങ്ങൾ

1. മലയാളം ഒന്നാം ഭാഷയായാണ് കേരളത്തിലെ സെക്കന്ററിവരെയുള്ള സ്കൂളുകളിൽ പഠിപ്പിച്ചുവരുന്നത്. 5 മുതൽ 10 വരെ ക്ലാസുകളിൽ ഒന്നാം ഭാഷയ്ക്ക് രണ്ടു പേപ്പറുകൾ ഉണ്ട്. ഒന്നാം പേപ്പറിന് 4 പീരീഡും രണ്ടാം പേപ്പറിന് 2 പീരീഡുമാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. സംസ്കൃതം, അറബിക്, ഉർദു ഭാഷകൾ ഒന്നാം പേപ്പറായി പഠിക്കുന്ന കുട്ടികൾ രണ്ടാം പേപ്പർ ആയിട്ടാണ് മലയാളം പഠിക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഹൈസ്കൂൾ ക്ലാസുകളിലേക്ക് രൂപപ്പെടുത്തി

യിട്ടുള്ള അടിസ്ഥാനപാഠാവലികൾ മേൽപറഞ്ഞ വിഭാഗം വിദ്യാർഥികളുടെ മലയാള ഭാഷാപഠനം ശക്തിപ്പെടുത്താൻ പര്യാപ്തമാണെങ്കിലും അനുവദിച്ചിട്ടുള്ള പീരീഡുകൾ ഈ പുസ്തകം പഠിക്കുന്നതിന് തികയുന്നില്ല. അതിനാൽ നിലവിലുള്ള ഒന്നാം പേപ്പർ മാറ്റമില്ലാതെ നിലനിർത്തിക്കൊണ്ട് രണ്ടാം പേപ്പറിന് മൂന്ന് പിരീഡ് അനുവദിക്കണം. മലയാളം ഉൾപ്പെടെ ഒന്നാം പേപ്പറായി പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഈ സൗകര്യം ഉറപ്പുവരുത്തണം. ഐ.ടി പഠനം നടപ്പിലാക്കിയതിന്റെ ഭാഗമായി 4 പീരീഡ് അനുവദിച്ചിട്ടുണ്ട്. പുതിയ പാഠ്യപദ്ധതി നിലവിൽ വന്നതോടെ ഐ.ടി ബന്ധിത വിദ്യാഭ്യാസം നടപ്പിലാക്കി. അതിനാൽ എല്ലാ വിഷയങ്ങളുടെ പഠനത്തിലും ഐ.ടി പഠനം ഉൾക്കൊള്ളുന്നുണ്ട്. ഈ സാഹചര്യത്തിൽ ഐ.ടി. തിയറിക്കായി ഇപ്പോഴുള്ള രണ്ട് പീരീഡുകളിൽ ഒന്ന് ഇനിമുതൽ മലയാളത്തിനായി നീക്കിവയ്ക്കേണ്ടതാണ്.

അപ്പർ പ്രൈമറിയിലാണ് ഭാഷാപഠനത്തിന്റെ അടിത്തറ ഉറയ്ക്കേണ്ടത്. അവിടെയും രണ്ടാം പേപ്പറിന്റെ പിരീഡ് മൂന്നായി ഉയർത്തണം. ഇതിനുവേണ്ടി ആഴ്ചയിൽ ഒരു ദിവസം മറ്റു പിരീഡുകളിൽ നിന്ന് അഞ്ചു മിനിട്ടു വീതം ചേർത്ത് ഒരു പിരീഡ് കണ്ടെത്തേണ്ടതാണ്.

ഒന്നാം ഘട്ടത്തിൽ ഈ മാറ്റങ്ങൾ വരുത്തുകയും ഭാവിയിൽ മറ്റേതുഭാഷ പഠിക്കുന്നവർക്കും തത്തുല്യമായി മലയാളം പഠിക്കാൻ കഴിയുന്ന മട്ടിൽ കൂടുതൽ പഠനസമയം മലയാളത്തിന് കണ്ടെത്തുകയും വേണം.

2. ഓറിയന്റൽ സ്കൂൾ, മലയാളത്തിനുപകരം രണ്ടാം പേപ്പറായി സ്പെഷ്യൽ ഇംഗ്ലീഷ് സ്വീകരിച്ച സ്കൂളുകൾ എന്നിവിടങ്ങളിൽ ഹൈസ്കൂൾ വിഭാഗത്തിലെ ഐ.ടി യുടെ 3 പീരീഡുകൾ മലയാള പഠനത്തിനു മാറ്റി വയ്ക്കണം. ഈ കുറവ് നികത്താൻ സ്കൂൾ സമയത്തിനു ശേഷം ഐ.ടി. പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർഥികൾക്ക് അവസരം നൽകണം. അപ്പർ പ്രൈമറിയിൽ ആഴ്ചയിൽ മൂന്നു ദിവസം മറ്റു പിരീഡുകളിൽ നിന്ന് അഞ്ച് മിനിട്ടു വീതം മാറ്റി മൂന്ന് പിരീഡ് അനുവദിക്കണം.

3. അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന വിദ്യാർഥികൾക്ക് മലയാളപഠനത്തിൽ ഏർപ്പെടുന്നതിന് പശ്ചാത്തലമൊരുക്കാൻ നിലവാരം തുലനപ്പെടുത്തുന്നതിനുള്ള മൂന്ന് പാഠപുസ്തകങ്ങൾ (എൽ.പി, യു.പി, എച്ച്.എസ്.) രൂപപ്പെടുത്തണം. ഈ പുസ്തകം പഠിപ്പിക്കാൻ സ്കൂളിൽ പ്രത്യേക സമയം കണ്ടെത്തേണ്ടതാണ്. 2011 – 12 അധ്യായന വർഷം തന്നെ ഈ പുസ്തകങ്ങൾ ലഭ്യമാക്കണം. തമിഴ്, കന്നഡ, ഗുജറാത്തി മാതൃഭാഷക്കാർക്കുള്ള സ്കൂളുകളിൽ മേൽപറഞ്ഞ പുസ്തകം ആഴ്ചയിൽ രണ്ടു പിരീഡുവീതം പഠിപ്പിക്കണം. തുടർന്നുള്ള വർഷങ്ങളിൽ അതത് ക്ലാസിലെ 'മലയാളം അടിസ്ഥാന പാഠാവലി' (മൂന്നു പിരീഡ്) തന്നെ പഠിക്കുന്നതിന് അവരെ

പ്രാപ്തരാക്കണം. തുടർച്ചയായ നാലു കൊല്ലം കേരളത്തിൽ പഠിക്കാൻ അവസരം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ നിലവാരം തത്തുല്യപ്പെടുത്തുന്നതിനുള്ള പ്രത്യേകപാഠപുസ്തകം അടിസ്ഥാനമാക്കി പത്താം ക്ലാസിലെ പൊതുപരീക്ഷ നടത്തണം. 10-ാം ക്ലാസിനോടുബന്ധിപ്പിച്ച് നാലു കൊല്ലം മലയാളം പഠിച്ചിട്ടുള്ളവർ പത്താം ക്ലാസിലേയ്ക്ക് പൊതുവിൽ നിശ്ചയിച്ചിട്ടുള്ള പാഠപുസ്തകം അടിസ്ഥാനമാക്കി പൊതുപരീക്ഷ എഴുതണം.

4. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ നിലവിൽ ഇംഗ്ലീഷ് മാത്രമാണ് ഭാഷ എന്ന നിലയിൽ പഠിക്കാൻ അവസരമുള്ളത്. ഈ അവസ്ഥയിൽ മാറ്റം വരണം. മലയാളം പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷിനുപകരം മലയാളം തിരഞ്ഞെടുക്കാൻ എല്ലാ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും അവസരം നൽകണം. ഇവിടെ ഹയർസെക്കന്ററിയിലെ പാഠപുസ്തകങ്ങൾ ഉപയോഗിച്ചാൽ മതിയാവും. ഭാഷാധ്യാപക നിയമനത്തിന്റെ കാര്യത്തിൽ ഹയർ സെക്കന്ററിയിൽ പിന്തുടരുന്ന രീതിതന്നെ ഇവിടെയും നടപ്പിലാക്കണം.

5. എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും മലയാള പഠനത്തിന് അവസരമുണ്ടാക്കണം. നിലവിലുള്ള സ്കൂളുകളിൽ മലയാള പഠനത്തിനുള്ള അവസരം ലഭ്യമാണ്. എന്നാൽ പുതുതായി ഹയർ സെക്കന്ററി കോഴ്സ് ആരംഭിച്ച ചില സ്കൂളുകളിൽ മലയാള പഠനത്തിന് അവസരമില്ല എന്ന് കാണുന്നു. ഈ സ്കൂളുകളിൽ 2011 – 12 അധ്യയന വർഷം പ്ലസ് വൺ-ന് മലയാളം ഉറപ്പു വരുത്തണം. ഭാവിയിൽ അനുവദിക്കുന്ന എല്ലാ ഹയർസെക്കന്ററി കോഴ്സുകളിലും രണ്ടാം ഭാഷയായി ആദ്യം അനുവദിക്കുന്നത് മലയാളമായിരിക്കണം.

ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് ഭാഷാവിഷയങ്ങൾ ഒഴികെയുള്ളവയ്ക്ക് മലയാളത്തിൽ പൊതുപരീക്ഷ എഴുതുന്നതിന് അവസരം നൽകുകയും ചോദ്യപ്പേപ്പറുകളിൽ ദ്വിഭാഷാരീതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഈ വിഭാഗം വിദ്യാർത്ഥികളുടെ പഠനത്തിന് പ്രോത്സാഹനമായിട്ടുണ്ട്. എന്നാൽ ഇതിനു പൂരകമായി മലയാള മാധ്യമത്തിൽ നിലവാരമുള്ള പാഠപുസ്തകങ്ങൾ ഇന്ന് ലഭ്യമല്ല. അതിനാൽ എല്ലാ വിഷയങ്ങൾക്കും മലയാള ഭാഷയിലുള്ള പുസ്തകങ്ങൾ രൂപപ്പെടുത്തേണ്ടതാണ്. 2012 – 13 അധ്യയനവർഷം ഇവ ലഭ്യമാക്കണം.

6. സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.സി/ഐ.സി.എസ്.ഇ/മറ്റു ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള എല്ലാ സുകൂളുകളിലും മലയാളം' നിർബന്ധവിഷയമായി പഠിപ്പിക്കേണ്ടതാണ്. ലോവർ പ്രൈമറി ഘട്ടത്തിൽ കേരള

പാഠാവലി എട്ടു പിരീഡും അപ്പർ പ്രൈമറിയിലും ഹൈസ്കൂളിലും അടിസ്ഥാനപാഠാവലി മൂന്നു പിരീഡും പഠിപ്പിക്കേണ്ടതാണ്. നിലവിൽ ഒരു വിഷയമായി മലയാളം പഠിക്കുന്നവർക്ക് ഏഴു പിരീഡ് കേരളപാഠാവലിക്കും അടിസ്ഥാനപാഠാവലിക്കുമായി മാറ്റിവയ്ക്കണം.

7. വിദ്യാഭ്യാസ അവകാശനിയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 8-ാം ക്ലാസുവരെ എല്ലാ സ്കൂളുകളിലും പഠനമാധ്യമം മാതൃഭാഷയാക്കേണ്ടതാണ്. പലപ്പോഴും സാമൂഹിക സമ്മർദ്ദങ്ങളുടെ പേരിലാണ് സർക്കാർ സ്കൂളുകൾ ഉൾപ്പെടെയുള്ള പ്രൈമറി വിദ്യാലയങ്ങളിൽപ്പോലും ഇംഗ്ലീഷ് മാധ്യമ ഡിവിഷനുകൾ അനുവദിച്ചത്. വിദ്യാഭ്യാസാവകാശ നിയമത്തിന്റെ വെളിച്ചത്തിൽ 8-ാം ക്ലാസ് വരെ പഠനമാധ്യമം മാതൃഭാഷയാക്കുന്നതിന് പശ്ചാത്തലമൊരുക്കാൻ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. 2011 – 12 അധ്യയനവർഷം മാതൃഭാഷാ മാധ്യമത്തിലുള്ള പഠനത്തിന്റെ പ്രാധാന്യം സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കണം. 2012 – 13 മുതൽ എല്ലാത്തരം സ്കൂളുകളിലും ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ മാതൃഭാഷാ മാധ്യമത്തിലാണ് പഠിക്കേണ്ടത്. മറ്റു ബോർഡുകളുടെ അംഗീകാരത്തോടെ നടത്തുന്ന സ്കൂളുകൾ ഈ വ്യവസ്ഥ പാലിച്ചാൽ മാത്രമേ എൻ.ഒ.സി. നൽകാൻ പാടുള്ളൂ.

8. മലയാളഭാഷാപഠനം ശക്തിപ്പെടുത്തുന്നതിനും പുതിയ സാഹചര്യത്തിൽ വിവിധ ഭാഷാപശ്ചാത്തലങ്ങളിൽ നിന്നു വരുന്ന വിദ്യാർഥികൾക്ക് ഉചിതമായ പഠനാനുഭവം നൽകുന്നതിനും പ്രത്യേകം അധ്യാപക പരിശീലനം നടപ്പാക്കണം.

   സംസ്ഥാനത്തെ വിവിധതരം സ്കൂളുകളിലെ ഭാഷാപഠന നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള അക്കാദമിക സംവിധാനം ക്രമീകരിക്കണം. ഇതിനായി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കേണ്ടതാണ്. ജില്ലാ തലത്തിൽ ഡയറ്റുകൾ കേന്ദ്രീകരിച്ചും ഇത് രൂപീകരിക്കണം.

മുകളിൽ അക്കമിട്ടു കാണിച്ച എട്ടു മേഖലകളുമായി ബന്ധപ്പെട്ട് എട്ട് വ്യത്യസ്ത ഉത്തരവുകൾ ഉണ്ടാകേണ്ടതാണ്.

•